## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3633. 20/06/2018 - ൽ മറുപടിയ്ക്ക്**

## മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾ

**ചോദ്യം**

ശ്രീ. എം. സ്വരാജ്

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ നിലവിൽ എത്ര ആശാഭവനുകൾ, മഹിളാ മന്ദിരങ്ങൾ, ബാലാമന്ദിരങ്ങൾ എന്നിവ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ;

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിലവിൽ 6 ആശാ ഭവനുകൾ പ്രവർത്തിച്ചുവരുന്നു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ 12 മഹിളാമന്ദിരങ്ങളും 15 ബാലമന്ദിരങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവരുടെ വിവരം ജില്ല/താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ;

(ബി)

**ആശാ ഭവൻ**

1. ആശാ ഭവൻ (മെൻ)- തിരുവനന്തപുരം
2. ആശാ ഭവൻ (വിമെൻ)- തിരുവനന്തപുരം
3. ആശാ ഭവൻ (വിമെൻ)- തൃശ്ശൂർ
4. ആശാ ഭവൻ (മെൻ)- എറണാകുളം
5. ആശാ ഭവൻ (മെൻ)- കോഴിക്കോട്
6. ആശാ ഭവൻ (വിമെൻ)- കോഴിക്കോട്

**മഹിളാ മന്ദിരങ്ങൾ**

| നമ്പർ | ജില്ല | താലൂക്ക് |
|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം |
| 2. | കൊല്ലം | കൊല്ലം |
| 3. | പത്തനംതിട്ട | കോഴഞ്ചേരി |
| 4. | ആലപ്പുഴ | അമ്പലപ്പുഴ |
| 5. | കോട്ടയം | വൈക്കം |
| 6. | എറണാകുളം | കണയന്നൂർ |
| 7. | തൃശ്ശൂർ | തൃശ്ശൂർ |

| | | |
|---|---|---|
| 8. | പാലക്കാട് | പാലക്കാട് |
| 9. | മലപ്പുറം | തിരൂർ |
| 10. | കണ്ണൂർ | തലശ്ശേരി |
| 11. | കാസർഗോഡ് | കാസർഗോഡ് |
| 12. | കോഴിക്കോട് | കോഴിക്കോട് |

**ബാലമന്ദിരങ്ങൾ**

| ക്ര. നം | ജില്ല | താലൂക്ക് |
|---|---|---|
| 1. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തിരുവനന്തപുരം | തിരുവനന്തപുരം |
| 2. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കൊല്ലം | കൊല്ലം |
| 3. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട | റാന്നി |
| 4. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോട്ടയം | കോട്ടയം |
| 5. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, ആലപ്പുഴ | ചേർത്തല |
| 6. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ | മാവേലിക്കര |
| 7. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, എറണാകുളം | കണയന്നൂർ |
| 8. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് | കോഴിക്കോട് |
| 9. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട് | കോഴിക്കോട് |
| 10. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തൃശ്ശൂർ | തൃശ്ശൂർ |
| 11. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മലപ്പുറം | മലപ്പുറം |

| | | |
|---|---|---|
| 12 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് | പാലക്കാട് |
| 13 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയനാട് | വൈത്തിരി |
| 14 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണ്ണൂർ | തലശ്ശേരി |
| 15 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കണ്ണൂർ | തലശ്ശേരി |

(സി) അത്ര അന്തേവാസികളാണ് ഇവിടങ്ങളിൽ (സി) നിലവിലുള്ളത് എന്ന് അറിയിക്കുമോ ;

## ആശാ ഭവൻ

ആശാ ഭവൻ (മെൻ)- തിരുവനന്തപുരം-87
ആശാ ഭവൻ (വിമെൻ)- തിരുവനന്തപുരം-96
ആശാ ഭവൻ (വിമെൻ)- തൃശ്ശൂർ-74
ആശാ ഭവൻ (മെൻ)- എറണാകുളം-46
ആശാ ഭവൻ (മെൻ)- കോഴിക്കോട്-52
ആശാ ഭവൻ (മെൻ)- കോഴിക്കോട്- 68
ആശാ ഭവൻ (വിമെൻ)- കോഴിക്കോട്

നിലവിൽ പ്രവർത്തിക്കുന്ന മഹിളാ-മന്ദിരങ്ങളിൽ Sanctioned Strength പ്രകാരം 25 താസമക്കാർക്കാണ് പ്രവേശനം ഉള്ളത്. ടി സ്ഥാപനങ്ങളിൽ കോടതി മുഖാന്തിരവും പോലീസ് മുഖാന്തിരവും വരുന്ന സ്ത്രീകളെ ബന്ധുക്കളോടൊപ്പം വിടുകയും പുതതായി വന്നുചേരുകയുമാണ് ചെയ്യുന്നത്. നിലവിലുള്ള താമസക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

**മഹിളാ മന്ദിരങ്ങൾ**

| നമ്പർ | ജില്ല | |
|---|---|---|
| 1. | തിരുവനന്തപുരം | 53 |
| 2. | കൊല്ലം | 20 |
| 3. | പത്തനംതിട്ട | 33 |

| | | |
|---|---|---|
| 4. | ആലപ്പുഴ | 24 |
| 5. | കോട്ടയം | 36 |
| 6. | എറണാകുളം | 18 |
| 7. | തൃശ്ശൂർ | 32 |
| 8. | പാലക്കാട് | 25 |
| 9. | മലപ്പുറം | 30 |
| 10. | കണ്ണൂർ | 26 |
| 11. | കാസർഗോഡ് | 23 |
| 12. | കോഴിക്കോട് | 24 |

**ബാലമന്ദിരങ്ങൾ**

| | | |
|---|---|---|
| 1. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തിരുവനന്തപുരം | 46 |
| 2. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കൊല്ലം | 63 |
| 3. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട | 14 |
| 4. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോട്ടയം | 47 |
| 5. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, ആലപ്പുഴ | 34 |
| 6. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ | 36 |
| 7. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, എറണാകുളം | 72 |
| 8. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് | 128 |
| 9. | ഗവ. ചിൽഡ്രൻസ് | 59 |

| | | |
|---|---|---|
| | ഹോം ഫോർ ബോയ്സ്, കോഴിക്കോട് | |
| 10. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തൃശ്ശൂർ | 37 |
| 11. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മലപ്പുറം | 26 |
| 12. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് | 23 |
| 13. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയനാട് | 29 |
| 14. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണ്ണൂർ | 10 |
| 15. | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കണ്ണൂർ | 31 |

(ഡി) ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ?

(ഡി) ഇവർക്ക് ചികിത്സയും ഭക്ഷണവും പരിചരണവും ഈ സ്ഥാപനങ്ങളിൽ നൽകി വരുന്നു. ഇവരുടെ മാനസികവും ശാരീരികോല്ലാസത്തിനുമായി യോഗ-പരിശീലനം, ചെറുതൊഴിലുകൾ, കൃഷി, വിനോദ യാത്രകൾ എന്നിവ നൽകി ഇവരെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയോത്സവങ്ങളോടനുബന്ധിച്ച് ആശാ ഭവനുകളുടെ അന്തേവാസികളുടെ മാനസികോല്ലാസത്തിനായുള്ള പരിപാടികൾ സ്ഥാപനങ്ങളിൽ നടത്തി വരുന്നു. മഹിളാമന്ദിരങ്ങളിൽ വർഷങ്ങളായി

കഴിയുന്ന താമസക്കാർക്ക് ടെയിലറിംഗ് , പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ സ്വയംതൊഴിൽ പരിശീലന പദ്ധതികൾ നൽകുന്നുണ്ട്.

സ്ഥാപനങ്ങളിലുള്ള കുട്ടികൾക്ക് മെയിന്റനൻസ് തുകയായി ഒരു കുട്ടിക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ നൽകി വരുന്നു. ഇതിനു പുറമേ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്ററുടെ സേവനം വിവിധ വിഷയങ്ങളിൽ ട്യൂഷൻ എന്നിവ നൽകി വരുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുന്നതിനും കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനും കലാകായികയോഗ അദ്ധ്യാപകരേയും സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളുടെ മാനസിക നിലവാരം മെച്ചപ്പെടുത്തു- ന്നതിനുവേണ്ടി കൗൺസിലറുടെ സേവനവും സൈക്കോളജിക്കൽ അസസ്മെന്റ് നടത്തുന്നതിനു വേണ്ടി സൈക്കോളജിസ്റ്റുമാരുടെ സേവനവും സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

കുട്ടികൾക്കുവേണ്ടി എല്ലാ വർഷവും സംസ്ഥാനതലത്തിൽ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നു. കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി ആഴ്ചതോറും ലഘുയാത്രകൾ സംഘടിപ്പിക്കുന്നതിനും വാർഷിക വിനോദയാത്രയ്ക്കും വേണ്ടി തുക അനുവദിച്ചു വരുന്നു. അതാത് ചിൽഡ്രൻസ് ഹോമുകളിൽ ഹോമുകളുടെ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കു വേണ്ടിയുള്ള സ്റ്റഡി ടേബിളുകൾ, ബുക്കുകൾ സൂക്ഷിക്കുന്നതിനു വേണ്ടി അലമാരകൾ, പഠന

ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള തുക വകുപ്പിൽ നിന്നും നൽകി വരുന്നു. പഠനം മുടങ്ങി നിൽക്കുന്ന പെൺകുട്ടികൾക്ക വേണ്ടി കുക്കിംഗ്, ഹൗസ് കീപ്പിംഗ്, തയ്യൽ പരിശീലനം, കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നതിനുള്ള സൗകര്യവും വകുപ്പ് തലത്തിൽ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ